കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പറളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17സാമ്പത്തിക വർഷം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

പാലക്കാട് ജില്ലാ ഓഡിറ്റ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.17-1798/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി-19-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറളി ഗ്രാമപഞ്ചായത്ത് - 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി.17-1798/17 തീയതി-19-10-2017

പാലക്കാട് ജില്ലയിലെ പറളിഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-10-2016 മുതൽ 31-7-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 2-8-2017 മുതൽ 8-8-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിജു ആന്റണി.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എം.എസ്.താരിഖ് | ഓഡിറ്റർ |
| | ശ്രീ. മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.ആർ.ഗിരിജ | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.എ.വൈ.നൌഷാദ് | 1-4-2016 മുതൽ 30-4-2016 |

| | | |
|---|---|---|
| | | വരെ |
| | ശ്രീമതി.സി.എസ്.മിനി, അസി.സെക്രട്ടറി (ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 1-5-2016 മുതൽ 18-5-2016 വരെ |
| | ശ്രീ.എ.വൈ.നൌഷാദ് | 19-5-2016 മുതൽ 17-12-2016 വരെ |
| | ശ്രീമതി.സി.എസ്.മിനി, അസി.സെക്രട്ടറി (ഇൻ ചാർജ് ഓഫ് സെക്രട്ടറി) | 18-12-2016 മുതൽ 21-12-2016 വരെ |
| | ശ്രീ. കെ.സതീഷ് കുമാർ | 22-12-2016 മുതൽ 31-3-2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനിയർ | ശ്രീമതി.തുളസി.കെ. | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ശ്രീമതി. അജിത കുമാരി | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ശ്രീമതി. ഫാത്തിമ രഹന | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലിമ | 1-4-2016 മുതൽ 19-1-2017 വരെ |
| | ഡോ.ജാസ്മിൻ | 20-1-2017മുതൽ 31-3-2017വരെ |
| വെറ്ററിനറി സർജൻ | ഡോ.നസീമ. എ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി. സെക്രട്ടറി | ശ്രീമതി. സി.എസ്.മിനി | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. റഷീദാ ബീഗം | 1-4-2016 മുതൽ 31-3-2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഉഷ.എസ്. | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.ജെ.പ്രസാദ് | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. അങ്കിത | 1-4-2016 മുതൽ 24-7-2016 വരെ |
| | ശ്രീമതി.ബിന്ദു | 25-7-2016 മുതൽ 31-3-2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. സന്തോഷ് കുമാർ പി.കെ. | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | അംഗീകരിച്ച തീയ്യതി | തീരമാനം നം. |
|---|---|---|
| 2016-17 | 22-3-2016 | 1 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 25-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.-

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31975244 |
| വരവ് | 101618552 |
| ആകെ | 133593796 |
| ചെലവ് | 113133628 |
| നീക്കിയിരിപ്പ് | 20460168 |

## 1-5 ഫണ്ട് വിനിയോഗം- 2016-17

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശത മാനം | വിനിയോഗി-ക്കാത്ത തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11682000 | 0 | 14507870 | 14507870 | 13133559 | 91 | 1374311 |
| വികസനഫണ്ട് എസ്.സി.പി. | 14558000 | 0 | 14557857 | 14557857 | 10597353 | 73 | 3060594 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി | 120000 | 0 | 119901 | 119901 | 99901 | 83 | 20000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 438900 | 0 | 4389330 | 4389330 | 2774874 | 63 | 1614456 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 3886000 | 0 | 3886089 | 3886089 | 2552915 | 66 | 1333174 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7193000 | 0 | 8136171 | 8136171 | 6315122 | 78 | 1821049 |
| പെർഫോമൻസ് ഗ്രാന്റ് | | 0 | 4322180 | 4322180 | 4243945 | 98 | 78235 |
| എം.എൻ. ആർ.ഇ.ജി.എസ്. | - | 21953.50 | 1400078+ 26313005.50 | 27735037 | 1371573+ 26313005.50 | 96 | 50458.50 |
| ബി.ഫണ്ട് | - | 0 | 953040 | 953040 | 953040 | 100 | - |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 174 | 75201031 | 113 | 45273106 | 61 | 65 |

അടങ്കലിന്റെ 60 ശതമാനം തുക മാത്രമാണ് ചെലവഴിച്ചത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 12 | 11053950 | 7444761 | 67 |
| അസി.സെക്രട്ടറി | 9 | 6 | 4852500 | 1382500 | 28 |
| അസി.എഞ്ചിനീയർ | 82 | 47 | 26049300 | 14382163 | 55 |
| കൃഷി ഓഫീസർ | 6 | 6 | 4302733 | 4208165 | 98 |
| വെറ്ററിനറി സർജൻ | 2 | 2 | 1135000 | 195000 | 17 |
| പി.എച്ച്.സി അലോപ്പതി | 4 | 3 | 548400 | 375554 | 68 |
| ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹോമിയോ | 2 | 2 | 300000 | 300000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 13 | 10014943 | 8806958 | 88 |
| വി.ഇ.ഒ | 22 | 13 | 12461000 | 4220000 | 34 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 800000 | 800000 | 100 |
| ഹെഡ് മാസ്റ്റർ | 7 | 7 | 3283205 | 2758005 | 84 |
| ആകെ | 174 | 113 | 75201031 | 45273106 | 60 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വർദ്ധനവ് | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3479391 | 5270231 | 1790840 | 51 |
| നികുതിയേതര വരവുകൾ | 1278600 | 1921522 | 642922 | 50 |
| ആകെ | 4757991 | 7191753 | 2433762 | 51 |

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തതിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7 | 7 | 2 | ബാധകമല്ല |
| 2 | തൊഴിൽ രഹിത വേതനം | 27 | 27 | 27 | “ |
| 3 | വിധവാ പെൻഷൻ | 112 | 112 | 10 | “ |
| 4 | വികലാംഗ പെൻഷൻ | 49 | 49 | 7 | “ |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 10 | 4 | “ |
| 6 | വാർദ്ധക്യകാല പെൻഷൻ | 745 | 745 | 153 | “ |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 4164/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. മരാമത്തുമായി ബന്ധപ്പെട്ട് റോഡ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6-6-17മുതൽ 7-6-17വരെ | 1-6-2017മുതൽ 30-6-2017വരെ | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14-9-2001മുതൽ 29-9-2001 വരെ | 1997-98മുതൽ 1999-00വരെ | 18-1-2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകളിൽ ഒന്ന് അനധികൃതമായിട്ടാണ് പ്രവർത്തിക്കുന്നത്(വാർഡ് നം.12-ൽ). ആയതിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. നിയമ വിധേയമായി പ്രവർത്തിക്കുന്ന 10 മൊബൈൽ ടവറുകളിലെ 6 എണ്ണത്തിൽ നിന്നും 2011-12 വർഷം മുതലുള്ള വസ്തു നികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഏജൻസി | പുതുക്കിയ വാർഷിക വസ്തു നികുതി | 2011-12 മുതൽ 2016-17വരെയുള്ള കുടിശ്ശിക |
|---|---|---|---|---|
| 1 | 4/48 എ | ബി.എസ്.എൻ.എൽ | 8820 | 52920 |

| | | | | |
|---|---|---|---|---|
| 2 | 10/96 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 7208 | (2013-14) 1562<br>(2014-15 ) 4179 |
| 3 | 10/148എ | ബി.എസ്.എൻ.എൽ | 1890 | 11340 |
| 4 | 13/48 ബി | ബി.എസ്.എൻ.എൽ | 1890 | 11340 |
| 5 | 17/508 എ | ബി.എസ്.എൻ.എൽ | 5859 | 35154 |
| 6 | 20/456 എ | ബി.എസ്.എൻ.എൽ | 4211 | 25266 |
| ആകെ കുടിശ്ശിക | | | | 141761 |

മൊബൈൽ ടവറുകളിൽ നിന്നുള്ള വസ്തു നികുതി കുടിശ്ശിക പിഴ പലിശ അടിയന്തിരമായി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ ഭീമമായ തുക കുടിശ്ശിക

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന വാടക രജിസ്റ്റർ ,2016-17വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം വാടകഇനത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ആകെ 2,50,138 രൂപയുടെ വാടക കുടിശ്ശിക വർഷാവസാനത്തിൽ നിലനിൽക്കുന്നതായി കണ്ടെത്തി.

| | ഡിമാന്റ് | കളക്ഷൻ | കുടിശ്ശിക |
|---|---|---|---|
| ഓഡിറ്റ് വർഷത്തേത് | 379127 | 379127 | 0 |
| മുൻ വർഷങ്ങളിലെ കുടിശ്ശിക | 279928 | 29790 | 250138 |
| ആകെ കുടിശ്ശിക | | | 250138 |

മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയായ 279928 രൂപയിൽ 29,790 രൂപ മാത്രമേ ഓഡിറ്റ് വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7)കടമുറി നം.144, നം.4, നം.16 എന്നിവയിൽ നിന്നും ഉടമസ്ഥർ മരണപ്പെട്ടതിനാലാണ് ഇത്തരത്തിൽ ഭീമമായ തുക കുടിശ്ശിക വന്നിട്ടുള്ളത് എന്നാണ് മറുപടിയിൽ ബോധിപ്പിച്ചിട്ടുള്ളത്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട്-സെക്ഷൻ204 പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത്, അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ,കലയിലോ,ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.എന്നാൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.9).

1.ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

- കൃഷ്ണ മോട്ടോഴ്സ് ടി.വി.എസ്, പറളി
- ഉത്സവ് കളക്ഷൻസ്, പറളി

2.തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾ അടച്ചില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾ തൊഴിൽ നികുതി പഞ്ചായത്തിൻ അടച്ചിട്ടില്ല.

- ചിത്രപുരി ബിയർ &വൈൻ പാർലർ,എടത്തറ
- സബ് രജിസ്ട്രാർ ഓഫീസ്,പറളി
- പാലയ്ക്കൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ, പറളി
- പാലയ്ക്കൽ ആർട്സ് & സയൻസ് കോളേജ്,പറളി
- പറളി അർബൻ ക്രെഡിറ്റ് സൊസൈറ്റി

  മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ 160 കെട്ടിടങ്ങൾക്ക് റെഗുലറൈസേഷൻ ചെയ്ത് നൽകുകയും കെട്ടിട നികുതി ഈടാക്കി കെട്ടിടനമ്പർ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് ഫീൽഡ് പരിശോധന നടത്തിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരമുള്ള ഫോറം 10-ലുള്ള അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിർമ്മാണം പൂർത്തിയാക്കിയ മേൽ കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിന് വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത്

റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്.

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന്(നം.18) സർക്കാരിന്റെ ഒട്ടുമിക്ക പദ്ധതി പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് മുഖേനയായതിനാൽ ജോലിഭാരം കാരണം ഫീൽഡ് പരിശോധനകൾക്കുള്ള സമയം കണ്ടെത്തുവാൻ കഴിയുന്നില്ല എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

അനധികൃത കെട്ടിട നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും ഇത് സംബന്ധിച്ച ചട്ടങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്ത് ലേലാദായം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല

2016-17 കാലയളവിൽ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലും (ആയുർവേദ ആശുപത്രിയോട് ചേർന്ന്), ജി.യു.പി സ്കൂൾ കോമ്പൗണ്ടിലും അപകടാവസ്ഥയിൽ നിന്നിരുന്ന വൃക്ഷങ്ങൾ സോഷ്യൽ ഫോറസ്റ്റി ഡിപ്പാർട്ടുമെന്റിന്റെ മുൻകൂർ അനുമതിയോടെ മുറിച്ചു മാറ്റിയിട്ടുണ്ട്. ചെലവഴിച്ച തുക താഴെ പറയുന്നു.

| ക്രമ നം | മുറിച്ചു മാറ്റിയ വൃക്ഷത്തിന്റെ വിവരം | മരം മുറിക്കുന്നതിന് നല്കിയ തുക | വൌച്ചർ നം തിയതി | ചെക്ക് നം തിയതി |
|---|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലും (ആയുർവേദ ആശുപത്രിയോട് ചേർന്ന്) വാകമരം, പൂമരം | 4480 | 88/15-06-2016 | 23113 തിയതി 16.06.16 |
| | | 8000 | 133/ 27.06.16 | 25154 തിയതി 27.06.16 |
| 2 | ജി.യു.പി സ്കൂൾ കോമ്പൗണ്ടിലുള്ള വൃക്ഷങ്ങൾ-മഴമരം, ആര്യവേപ്പ് | 16000 | 529/ 22.08.16 | 23225 തിയതി 22.08.16 |

മേൽ പ്രകാരം മുറിച്ചു മാറ്റിയ വൃക്ഷങ്ങൾക്ക് സോഷ്യൽ ഫോറസ്റ്റി വകുപ്പിന്റെ വാല്യുയേഷൻ പ്രകാരം യഥാക്രമം 6004 രൂപയും, 41837 രൂപയും മതിപ്പ് വില നിശ്ചയിച്ചിരുന്നു. എന്നാൽ മുറിച്ചു മാറ്റിയ മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. തുടർച്ചയായി മൂന്ന് തവണ ലേലം നടപടികൾ സ്വീകരിച്ചിട്ടും ആരും ലേലം കൊള്ളാൻ തയ്യാറാവാത്ത സാഹചര്യമാണ് ഉണ്ടാവുന്നതെങ്കിൽ വകുപ്പിലെ ഉന്നതാധികാരികളുമായി തീരുമാനിച്ച് യുക്തമായ നടപടികൾ

സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സബ്സിഡി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് ധനസഹായം അനുവദിച്ചു. തുക നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

(SO-40/17, അടങ്കൽ-50000

SO-184/17, അടങ്കൽ-200000)

സ്പിൽഓവർ പ്രോജക്റ്റ് നം. SO.40/17(പദ്ധതി ഫണ്ട് ) പ്രകാരം 50000രൂപയും, പ്രോജക്റ്റ് നം.SO.184/17 പ്രകാരം 199800രൂപയും സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടിക്ക് വേണ്ടി ചെലവുകൾ നടത്തിയിട്ടുണ്ട്.

ജി.ഓ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ, തീ. 11-1-2016 പ്രകാരം തുടർ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി സാക്ഷരതാ കേന്ദ്രങ്ങളിൽ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും വിവിധ ക്ലാസ്സുകളിലെ പരീക്ഷ എഴുതുന്നവർക്ക് കേരള സംസ്ഥാന മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ കേരള സംസ്ഥാന സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

എന്നാൽ മേല്പറഞ്ഞ പ്രോജക്റ്റുകളിൽ മാർഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ചെലവുകൾക്ക് പുറമേ താഴെപ്പറയുന്ന ചെലവുകൾ നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| 1. സ്പിൽഓവർ പ്രോജക്റ്റ് നം. SO. 40/17 | | |
|---|---|---|
| ഇനം | ചെലവ് | ബിൽ നം. |
| ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം | 22500 | 6/16-17 /31-3-2017/ 50000രൂ. |
| തൊഴിൽ പരിശീലനം | 1960 | |
| പരീക്ഷാ നടത്തിപ്പ് | 3500 | |
| ബാലവേദി, പഠനയാത്ര | 16690 | |
| ആകെ | 44650 | |
| 2. പ്രോജക്റ്റ് നം. SO. 184/17 | | |

| | | |
|---|---|---|
| സാക്ഷരതാ സർവ്വേ | 10000 | 7/16-17 /31-3-2017/ 198800രൂ. |
| നാലാം തരം തുല്യതാ ക്ലാസ്സ് നടത്തിപ്പ് | 9700 | |
| നാലാം തരം തുല്യതാ പരീക്ഷാ നടത്തിപ്പ് | 5000 | |
| ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം | 36000+39000= 75000 | |
| തൊഴിൽ പരിശീലനം | 5000+5000=10000 | |
| ഏഴാം തരം തുല്യതാ ക്ലാസ്സ് നടത്തിപ്പ് | 9700 | |
| ഏഴാം തരം തുല്യതാ പരീക്ഷാ നടത്തിപ്പ് | 5000 | |
| സാക്ഷരതാ കലാമേള | 20000 | |
| ബാലവേദി,പഠനയാത്ര | 49800 | |
| ആകെ | 194200 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/8-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയത്. ടി മറുപടി അംഗീകരിക്കുന്നില്ല.

ആയതിനാൽ പദ്ധതി മാർഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക 238850/-രൂ. ഉത്തരവാദിയായ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു. ചെലവ് തുക നിരാകരിക്കുന്നു.

പദ്ധതിവിഹിതം(എസ്.സി) ഉപയോഗിച്ച് താഴെപ്പറയുന്ന പ്രോജക്ടുകളിൽ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

--പ്രോജക്ട് നം. 71/17പ്രകാരം എസ്.സി.പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം (അടങ്കൽ -250000).

-- സ്പിൽ ഓവർ പ്രോജക്ട് നം.41/17 പ്രകാരവും എസ്.സി.പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ധനസഹായം
(അടങ്കൽ- 300000).

എന്നാൽ ടി പ്രോജക്ട് പ്രകാരം ധനസഹായം നൽകപ്പെട്ടിട്ടുള്ള പല വിദ്യാർത്ഥികളും പ്രൊഫഷണൽ കോളേജുകളിൽ അല്ല പഠിക്കുന്നത്.

ജി.ഓ(എം.എസ്) 4/2016 തസ്വഭവ, തീ. 11-1-2016-ലെ പട്ടിക ജാതി ഉപ പദ്ധതി (12.1-ലെ XII വ്യവസ്ഥ പ്രകാരം മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളോജുകളിൽ പഠിക്കുന്നതിനാണ് 25000രൂ. ധനസഹായം അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ പ്രൊഫഷണൽ കോളേജുകളിൽ അല്ല കോഴ്സുകൾ ചെയ്യുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പ്രോജക്ട് നം. 71/17പ്രകാരം ധനസഹായം നല്കപ്പെട്ടവർ</u>

| വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ പേര് | കോഴ്സ് നടത്തുന്ന സ്ഥാപനം | അനുവദിച്ച് ധനസഹായം | ട്രഷറി ബിൽനം. തീയ്യതി |
|---|---|---|---|---|
| സുചിത്ര കെ.ഓ. | DMLT | ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി | 25000 | 4/16-17/ 24/3/2017, 175000രൂ. |
| ഗ്രീഷ്മ.എച്ച് | DMLT | ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി | 25000 | 4/16-17/ 24/3/2017, 175000രൂ. |
| സൂര്യ.കെ | DMLT | ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി | 25000 | 4/16-17/ 24/3/2017, 175000രൂ. |
| ദിവ്യ.ആർ | DMLT | ചിത്തിര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ ടെക്നോളജി | 25000 | 4/16-17/ 24/3/2017, 175000രൂ. |
| ശ്രുതി.എസ്. | പോളിടെക്നിക്ക് -ഡിപ്ലോമ | ഗവ: പോളിടെക്നിക്ക്, പാലക്കാട് | 25000 | 4/16-17/ 24/3/2017, 175000രൂ. |

| | | | | |
|---|---|---|---|---|
| ശ്യാമപ്രസാദ് | പോളിടെക്നിക്ക് -ഡിപ്ലോമ | മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, കുഴൽമന്ദം | 25000 | 4/16-17/ 24/3/2017, 175000രൂ. |
| ശരത്.ആർ | പോളിടെക്നിക്ക് -ഡിപ്ലോമ | മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്ക്, കുഴൽമന്ദം | 25000 | 4/16-17/ 24/3/2017, 175000രൂ. |
| ആകെ | | | 175000 | |

പ്രോജക്ട് നം. 41/17പ്രകാരം ധനസഹായം നൽകപ്പെട്ടവർ

| വിദ്യാർത്ഥിയുടെ പേര് | കോഴ്സിന്റെ പേര് | നടത്തുന്ന സ്ഥാപനം | അനുവദിച്ച് ധനസഹായം | ട്രഷറി ബിൽനം. തീയ്യതി |
|---|---|---|---|---|
| ഗോകുൽ നാരായണൻ | പോളിടെക്നിക്ക് -ഡിപ്ലോമ | ഏരിയസ് പോളിടെക്നിക്ക് കോളേജ് , അട്ടപ്പാടി | 25000 | 3/16-17/ 24/3/2017, 75000രൂ. |
| ആകെ. | | | 25000 | |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15/8-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി മാർഗരേഖയുടെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് ധനസഹായം അനുവദിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതി മാർഗരേഖയിൽ പട്ടിക ജാതിയിൽപ്പെട്ട മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജുകളിൽ പഠിക്കുന്നതിനും പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിനും ധനസഹായം നൽകാനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ആയതിനാൽ പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച തുക 200000രൂ.(71/17-175000 + 41/17-25000) നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഗ്യാസ് സ്റ്റൗ, കുക്കർ എന്നിവ കൂടിയ നിരക്കിൽ വാങ്ങിയതു മൂലം- 31500/-രൂപ നഷ്ടം

2016-17 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷനും കുക്കറും വിതരണം ചെയ്യൽ എന്ന പദ്ധതിയിൽ ഗ്യാസ് സ്റ്റൗ, കുക്കർ എന്നിവ കൂടിയ നിരക്കിൽ വാങ്ങിയതു മൂലം -31500/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO -188/17,<br>അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷനും കുക്കറും |
| ബിൽ നം., തുക | ബിൽ നം- 17/16-17, പിൻവലിച്ച തുക 3934114/- 27-03-20217 |
| ഗ്യാസ് സ്റ്റൗവും കുക്കറും വിതരണം ചെയ്ത സ്ഥാപനം | ശ്രുതി എച്ച്.പി.ഗ്യാസ് ഏജൻസി, കേരളശ്ശേരി |

മേല്പറഞ്ഞ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 42 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ലഭിക്കാനും എൽ.പി.ജി. സ്റ്റൗവും കുക്കറും വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഗ്യാസ് കണക്ഷൻ ക്വാട്ട് ചെയ്ത തുക | ഗ്യാസ് സ്റ്റൗ/കുക്കർ ഇനത്തിന് ക്വാട്ട് ചെയ്ത തുക | ആകെ ഗ്യാസ് സ്റ്റൗ + കുക്കർ വില |
|---|---|---|---|
| ശ്രുതി എച്ച് പി ഗ്യാസ് ഏജൻസി,കേരളശ്ശേരി | 221634 രൂപ | ഗ്യാസ് സ്റ്റൗ – 2590*42=108780 രൂപ<br>കുക്കർ-1500*42=63000രൂപ | 171780 |
| എഫാർ ട്രേഡിംഗ്,പട്ടിത്തറ | 249900 രൂപ | ഗ്യാസ് സ്റ്റൗ – 1850*42= 77700 രൂപ<br>കുക്കർ-1490*42=62580രൂപ | 140280 |
| | വ്യത്യാസം - 31500/- | | |

സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. തീയ്യതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ, 2013ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.7-33 എന്നിവ പ്രകാരം സാധനങ്ങളെ വർഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോ ഇനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണം എന്നും നിഷ്കർഷിക്കുന്നു.

ഗ്യാസ് കണക്ഷന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രുതി എച്ച്.പി. ഗ്യാസ് ഏജൻസി, കേരളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ക്രമ പ്രകാരമാണ്. എന്നാൽ കൂടിയ നിരക്കിൽ ഗ്യാസ് സ്റ്റൗ, കുക്കർ

എന്നിവ ശ്രുതി എച്ച്.പി. ഗ്യാസ് ഏജൻസി, കേരളശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് കാരണം 31500/-രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഗ്യാസ് സ്റ്റൗ, കുക്കർ എന്നിവ കുറഞ്ഞ തുക ക്വാട്ട് ചെയ്ത എഫാർ ട്രേഡിംഗ്, പട്ടിത്തറ എന്ന സ്ഥാപനത്തെ ഒഴിവാക്കിയതിനുള്ള കാരണം സംബന്ധിച്ച് പർച്ചേസിങ്ങ് കമ്മിറ്റിയുടെ മിനിട്ടിസിലോ പഞ്ചായത്ത് ഭരണസമിതിയുടെ മിനിട്ട്സിലോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇപ്രകാരം നഷ്ടം വരുത്തി സാധനങ്ങൾ വാങ്ങിയതിന് നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും 31500/-രൂപ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/03-08-17-ന് ശ്രുതി എന്ന സ്ഥാപനത്തിന്റെ ഗ്യാസ് സ്റ്റൗ, കുക്കർ എന്നിവ ഗുണമേന്മയുള്ളതാണെന്നും ആയതു കൊണ്ടാണ് കൂടിയ നിരക്കിൽ വാങ്ങിയതെന്നും മറുപടി തന്നിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

## 3-4 ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിൽ പഞ്ചായത്ത് പ്രവൃത്തി ചെയ്തിരിക്കുന്നു. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രവൃത്തിയിൽ ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡിൽ ആണ് പഞ്ചായത്ത് പ്രവൃത്തി ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | നം. SO 60/17 ദേവസ്വം പറമ്പ് വലിയപറമ്പ് റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ, ഫണ്ട് ഇനം | 200000, പദ്ധതി ഫണ്ട്(എസ്.സി.പി) |
| എഗ്രിമെന്റ് നം,തീയ്യതി | 2/16-17/ A.E/LSGD/PRL dt:11-7-2016 |
| കരാറുകാരൻ | രമേഷ്.പി.എം. |
| പ്രവൃത്തി മൂല്യം | 200000 |
| എം.ബുക്ക് | 270/15-16 |
| ബിൽ നം.തീയ്യതി, തുക | 36/16-17/31-3-17/ 199980 |
| എഗ്രീഡ് പി.എ.സി. | 200000 |
| സൈറ്റ് കൈമാറിയ തീയ്യതി | 16-3-2016 |
| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയ്യതി | 31-3-2016 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി | 27-2-2017 |

മേല്പറഞ്ഞ റോഡിന്റെ 57മീറ്റർ നീളത്തിൽ 20 മീറ്റർ നീളം ഇറിഗേഷൻ പരിധിയിൽ പെടുന്നതാണ് എന്നതിനാൽ ടി റോഡിൽ പ്രവൃത്തി ചെയ്യുന്നതിന് അനുവാദം ലഭിക്കുന്നതിനായി പഞ്ചായത്ത് അസി.എഞ്ചിനീയർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 22-10-2016ൽ നം.1/works /A.E/15 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഇറിഗേഷൻ വകുപ്പിൽ നിന്ന് അനുവാദം ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തിയിൽപെടാത്ത റോഡിൽ പ്രവൃത്തി ചെയ്യുന്നത് ക്രമപ്രകാരമല്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.15/8-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവത്തി 31-3-2017നുള്ളിൽ പൂർത്തീകരണം നടത്തേണ്ടതിനാലാണ് ഇപ്രകാരം ചെയതത് എന്ന് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ ചെലവ് തുക 199980രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

## 3-5 പ്രവൃത്തി പൂർത്തീകരണം വൈകിയിരിക്കുന്നു. പിഴ ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തി പൂർത്തീകരണം വൈകിയിരിക്കുന്നു. പിഴ ഈടാക്കാതിരിക്കാൻ മതിയായ കാരണങ്ങളും ഇല്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | എഗ്രീഡ് പി.എ.സി. | പൂർത്തീകരിക്കേണ്ട തീയ്യതി | പൂർത്തീകരിച്ച തീയ്യതി | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1 | SO 104/15 | കിഴക്കേമുറി വടക്കേക്കുട്ടാലപ്പടി കുടിവെള്ള പദ്ധതി 2ാം ഘട്ടം | 300000 | 31-3-16 | 16-8-2016 | സി.സുദേവൻ | 6133 |
| 2 | SO 60/17 | ദേവസ്വം പറമ്പ് വലിയപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 200000 | 31-3-2016 | 27-2-2017 | രമേഷ്.പി.എം. | 12578 |
| | | | | | | ആകെ | **18711** |

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച സർക്കാർ ഉത്തരവ് നം.84/97 PW&T/19-8-97 പ്രകാരം പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്ന സംഗതിയിൽ കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്യുന്ന ചെയ്യുന്ന തീയ്യതിയിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ/കൺവീനർ ബാദ്ധ്യസ്ഥനാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകുന്ന സന്ദർഭങ്ങളിൽ, കരാറുകാരന്റെ അപേക്ഷയിൻമേൽ AE യുടെ ശുപാർശയോടെ യഥാർഥ

കാലാവധിയുടെ 20% ഗ്രേസ് പീരീഡ് അനുവദിച്ച് തുടർന്നുള്ള കാലത്തേക്ക് ആദ്യ 3 മാസം PAC യുടെ 1%വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിനും 2% പിഴ ഈടാക്കി മാത്രമേ ബിൽ അനുവദിക്കാവൂ. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.15/8-8-2017ന് ലഭ്യമാക്കിയ മറുപടിയിൽ പിഴ 18711 ഈടാക്കേണ്ടതാണ്.

## 3-6 E-Tender മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ഫോറം വില, പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ E-Tender മുഖേന നടപ്പാക്കിയിട്ടുള്ളവയുടെ ടെണ്ടർ ഫോറം വില, ഇ.എം.ഡി എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് അടവാക്കിയിട്ടുള്ളത്. ടി തുകകൾ അതത് പഞ്ചായത്തുകൾക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തണമെന്ന സർക്കാർ നിർദേശം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടറിൽ പങ്കെടുത്തവർ | ടെണ്ടർ ഫോറം വില | തുകകൾ നിക്ഷേപിച്ച അക്കൌണ്ട് നം. | ടി തുകകൾ പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് നടത്തി യിട്ടുണ്ടോ? |
|---|---|---|---|---|---|
| എൽ.പി., യു.പി.സ്കൂൾ മെയ്ന്റനൻസ് | 6,00,000 | 3 | 1260 *3= 3780 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |
| വിവിധ പൊതുകിണർ റിപ്പയർ | 500000 | 1 | 1050 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് | 539652 | 2 | 1155*2=2310 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |
| നടക്കാവ് പറമ്പ് അംഗൻവാടി നിർമാണം | 1000000 | 2 | 2100*2=4200 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |
| അംഗൻവാടി മെയിന്റനൻസ് | 500000 | 2 | 1050*2=2100 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |
| വിവിധ പൊതുകിണർ റിപ്പയർ (റീ ടെണ്ടർ) | 500000 | 1 | 1050 | 67249238637 എസ്.ബി.ടി, പാലക്കാട് | ഇല്ല |

മേല്പറഞ്ഞ ടെണ്ടർ ഫോറം വില പഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇ-ടെണ്ടർ ഫോം വിലയോടൊപ്പം ഒടുക്കിയ വില്പന നികുതി, വില്പന നികുതി വകുപ്പിലേക്കും അടയ്ക്കേണ്ടതാണ്.

## 3-7 കടവത്ത് കുടിവെള്ള പദ്ധതി-കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനും, വെള്ളക്കരം കാലോചിതമായി പരിഷ്കരിക്കാനും സ്വീകരിച്ച നടപടിയുടെ വിവരം ആരായുന്നത്.

സർക്കാർ ഉത്തരവ് (എം.എസ്)125/98 തിയതി.23-11-98 പ്രകാരം കേരള വാട്ടർ അതോറിറ്റി പരിപാലിക്കുന്ന ഏക പഞ്ചായത്ത് കേന്ദ്രീകൃത ജല വിതരണ പദ്ധതികൾ കൈമാറ്റം ചെയ്യുന്നതു സംബന്ധിച്ച രൂപരേഖ അംഗീകരിച്ചിരുന്നു. ഇതിനെ തുടർന്ന് 29.04.2002 ൽ കേരള വാട്ടർ അതോറിറ്റി പാലക്കാട് ph ഡിവിഷൻ എക്സി.എഞ്ചിനിയറും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ ചമച്ച കരാർ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പക്കൽ നിന്നും പഞ്ചായത്ത് കടവത്ത് കുടിവെള്ള പദ്ധതി ഏറ്റെടുത്തു. ഏറ്റെടുത്ത വേളയിൽ 51 പൊതു ടാപ്പുകളും, 177 ഗാർഹിക കണക്ഷനുകളും, 22 വാണിജ്യ കണക്ഷനുകളും, 3 വ്യവസായിക കണക്ഷനുമാണ് ഈ പദ്ധതിയിൻ കീഴിൽ ഉണ്ടായിരുന്നത്. കൈമാറിയ വേളയിൽ ഭാരത പുഴയിലുള്ള കിണറും പമ്പ് ഹൗസും, എടത്തറയിലും, പറളിയിലുമുള്ള രണ്ട് ഓവർഹെഡ് ടാങ്കുകളും സഹിതമാണ് പഞ്ചായത്തിന് കൈമാറിയത്.

നിലവിൽ ഈ പദ്ധതിയിൻ കീഴിൽ 800 ഓളം കുടിവെള്ള കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. ഓവർഹെഡ് ടാങ്കുകൾ ഉപയോഗശൂന്യമായ നിലയിലായതിനാൽ നേരിട്ടുള്ള പമ്പിങ് സമ്പ്രദായമാണ് നടക്കുന്നത്. വെള്ളം ടാങ്കുകളിൽ സംഭരിച്ച് വിതരണം നടത്തുന്ന രീതിക്കു പകരം വെള്ളം നേരിട്ട് പമ്പ് ചെയ്യുന്നതിനാൽ വെള്ളത്തിന്റെ മർദം താങ്ങാനാവാതെ പൈപ്പ് ലൈനുകൾ സ്ഥിരമായി പൊട്ടുന്നതിനും നിരന്തരമായ റിപ്പയർ ചെലവിനും കാരണമാവുന്നുണ്ട്. കൂടാതെ ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 50 രൂപയാണ് ചാർജ് ചെയ്യുന്നതെങ്കിലും ഉപഭോഗത്തിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അമിതമായ ജലചൂഷണം ഉണ്ടായാൽ പോലും അധിക തുക ഈടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ പദ്ധതിയുടെ 2016-17 കാലയളവിലെ വരവു ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വരവ് |
| --- |

| കുടിശ്ശിക വരവ് | തൻവർഷ വരവ് | | | ആകെ |
|---|---|---|---|---|
| 142950 | 278025 | | | 420975 |
| ചെലവ് | | | | |
| ഇലക്ട്രിസിറ്റി ചാർജ്ജ് | വേതനം (പമ്പ് ഓപ്പറേറ്റർ) | വേതനം (പ്ലംബർ കം മീറ്റർ റീഡർ) | അനുബന്ധ ചെലവുകൾ | ആകെ |
| 616647 | 281100 | 277356 | 127309 | 1302412 |
| | അധിക ചെലവ് | | | 881437 |

വരവിനേക്കാൾ 881437 രൂപ തൻവർഷം അധിക ചെലവുണ്ട്. ഇതു കൂടാതെ വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായി വർഷാന്ത്യത്തിൽ 330019 രൂപയുണ്ട്. ഗുണഭോക്താക്കളിൽ നാളിതുവരെയായി തുകയൊന്നും അടക്കാത്തവരായി 69 പേരും 3000 രൂപയിലധികം കുടിശ്ശിക വരുത്തിയ 47 പേരും 1000 രൂപയിലധികം കുടിശ്ശിക വരുത്തിയ 147 പേരും പഞ്ചായത്തിലുണ്ട്. കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനും, വെള്ളക്കരം കാലോചിതമായി പരിഷ്ക്കരിക്കാനും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും അടിയന്തിരമായ നടപടികൾ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദേശങ്ങൾ

1. വെള്ളക്കരത്തിന് കൃത്യമായ നിരക്ക് നിശ്ചയിക്കണം. ആവശ്യമെങ്കിൽ കേരള വാട്ടർ അതോറിറ്റിയുടെ നിരക്ക് സ്വീകരിക്കാവുന്നതാണ്.

2.കാലോചിതമായി നിരക്ക് പരിഷ്ക്കരിക്കണം.

3. പ്രവർത്തന രഹിതമായ മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കണം.

4. കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കാനുള്ള സംവിധാനം ഉണ്ടാവണം.

# 3-8 തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുത കരവും സംയുക്ത പരിശോധന നടത്തി നിജപ്പെടുത്തേണ്ടതാണ്.

തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തിന്റെ പക്കൽ ഇല്ല. സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയെങ്കിലും നാളിതുവരെ പരിശോധന നടന്നിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് താഴെ പറയും പ്രകാരമുള്ള തെരുവുവിളക്കുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | 2016-17 ലെ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് | 18-04-17 മുതൽ നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|---|---|
| 1 | സാധാരണ ലാമ്പ് -60 വാട്ട് | 615 | 94 | 57810 | 102 | 62730 |
| 2 | സി.എഫ്.എൽ - 22വാട്ട് | 896 | 14 | 12544 | 32 | 28672 |
| 3 | ട്യൂബ് - 80 വാട്ട് double.tube | 740 | 124 | 91760 | 134 | 99160 |
| 4 | ട്യൂബ് - 40 വാട്ട് single.tube | 200 | 61 | 12200 | 66 | 13200 |
| 5 | സോഡിയം വേപ്പർ ലാമ്പ് - 250w | 14 | 414 | 5796 | 447 | 6258 |
| ആകെ | | 2465 | | 180110 | | 210020 |

ഇത് കൂടാതെ 2 ഹൈമാസ്റ്റ് ലാമ്പുകളും പഞ്ചായത്ത് പരിധിയിലുണ്ട്. 3/2017 വരെ 180110 രൂപയായിരുന്ന പ്രതിമാസ വൈദ്യുതി ചാർജ്ജ് താരിഫ് വർദ്ധനവിനെതുടർന്ന് 18/4/2017 മുതൽ 210020 രൂപയായി വർദ്ധിച്ചിട്ടുണ്ട്.

ബി. നിലിവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല -

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. ആ നിലയ്ക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകൾ നിലവിലില്ലെന്ന് അനുമാനിക്കാവുന്നതാണ്. വൈദ്യുതി ബോർഡ് 60വാട്ടിന്റെ 615 സാധാരണ ലാമ്പുകൾക്ക് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കിവരുന്നുണ്ട് ആയത് ക്രമപ്രകാരമല്ല. സംയുക്ത പരിശോധന നടത്താത്തതിനാൽ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് തുടർന്നു വരുന്നു. ഈ വിഷയത്തിൽ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 14 സോഡിയം വേപ്പർ ലാമ്പുകളും, 2 ഹൈമാസ്റ്റ് ലാമ്പുകളും ഗ്രാമപഞ്ചായത്തിലുണ്ട്. ഇവയുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് 5258 രൂപയും. 2 ഹൈമാസ്റ്റ് ലാമ്പുകളുടെ ശരാശരി വൈദ്യുതി ചാർജ്ജ് 6000രൂപയിൽ അധികവുമാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും തദനുസൃതമായി വൈദ്യുതചാർജ്ജ് ക്രമീകരിക്കേണ്ടതുമാണ്.

2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

5. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എഗ്രിമെന്റ് അനുസരിച്ചുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-9 സ്കൂൾ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ് നം. - 79/17

പ്രൊജക്റ്റിന്റെ പേര് – സ്കൂൾ വിദ്യാർത്ഥിനികൾക്ക് നാപ്കിൻ വിതരണം

നിർവ്വഹണോദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്

അടങ്കൽ - 501000

ചെലവ് - 150000

ബിൽ നം., തിയതി - 7/28-2-2017, ഫണ്ടിനം – വികസന ഫണ്ട്.

ജി.യു.പി.സ്കൂൾ, കല്ലേമുച്ചിക്കാട്, പറളി ഹൈസ്കൂൾ, പറളി ഹൈയർസെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് മാസത്തിൽ സാനിറ്ററി നാപ്കിൻ വനിതാ വികസന കോർപ്പറേഷൻ മുഖേന വിതരണം നടത്തുക എന്നതാണ് ലക്ഷ്യം. നിർവ്വഹണ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 28-2-2017ലെ ബിൽ നം.7 പ്രകാരം 150000/- രൂപ പിൻവലിച്ച് തിരുവനന്തപുരം വനിതാ വികസന കോർപ്പറേഷന് കൈമാറിയതിന്റെ കൈപ്പറ്റ് രശീതി മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

2. മുൻകൂർ നൽകുന്നതിനു മുമ്പായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല. ആയത് ഹാജരാക്കിയിട്ടില്ല

3. പദ്ധതി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കോർപ്പറേഷൻ പ്രസ്തുത സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്ക് അയച്ച 30-9-2016 ലെ KSWDC/PO2/ShePad-LSGD/2015-16 നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ ഉണ്ടായിട്ടില്ല. 25-01-2016-ലെ സ.ഉ (സാധാ) നം.280/2016/ ത.സ്വ.ഭ.വ പ്രകാരം ഈ പദ്ധതിയിൽ നാപ്കിൻ, അലമാര, സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ എന്നിവ ഉൾപ്പെടുത്തി ഒരൊറ്റ പ്രൊജക്റ്റായി തയ്യാറാക്കിയിട്ടുണ്ട്.

നിർദ്ദേശം

1. പദ്ധതി നടപ്പിലാക്കാത്തപക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2. പദ്ധതി സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിട്ടുള്ളതിനാൽ (പ്രൊജക്റ്റ് നം.16/18) പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പദ്ധതി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം വനിതാ വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-മുഴുവൻ തുകകളും വിതരണം നടത്തിയിട്ടില്ല

പ്രൊജക്റ്റ് നം : 61/16-17

പ്രൊജക്റ്റ് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : 600000 (വികസനഫണ്ട് ജനറൽ) + 200000 (ബ്ലോക്ക് വിഹിതം)

ചെലവ്: 785371

ബിൽ നം : 1/16-17/31.03.17

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ മേൽ പ്രോജക്ടിനായി പിൻവലിച്ച 6 ലക്ഷം രൂപയും ബ്ലോക്ക് വിഹിതമായി ലഭിച്ച 2 ലക്ഷം രൂപയും ഉപയോഗിച്ച് പറളി, കിനാവല്ലൂർ, തേനൂർ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾക്ക് യഥാക്രമം 487719, 187577, 124704രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ക്ഷീരസംഘങ്ങളിൽ നിന്നും കർഷകർക്ക് സബ്സിഡി തുകകൾ നൽകിയതിന്റെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയതിൽ പറളി സംഘത്തിന് കൈമാറിയ തുകയിൽ 14629 രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

## 3-11 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹതപ്പെട്ടവർക്ക് ആനുകൂല്യം കുറവായി നൽകി

പ്രൊജക്റ്റ് നം-85 /17 (Gen) , പ്രൊജക്റ്റ് നം-86/17(SCP) ,

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ബിൽ നം 12/2016-17, തിയതി- 8/3/2017- പിൻവലിച്ച തുക- 462800/-

ബിൽ ന-13/2016-17, തിയതി- 8/3/2017- പിൻവലിച്ച തുക- 90265/-

2016-17 വാർഷിക പദ്ധതി തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രതിമാസ സ്കോളർഷിപ്പായി ആകെ 10 മാസത്തെ തുകയും യാത്ര ബത്തകൾ ഉൾപ്പടെയുള്ള മറ്റ് ബത്തകളുമാണ് നൽകിയിട്ടുള്ളത്. ഉദാ. 2016-17ൽ ധനസഹായം നൽകിയ ഏതാനും വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറവായി നൽകിയതിന്റെ പട്ടിക കാണുക.

| ക്രമ നം | പേര് | വൈകല്യത്തിന്റെ തരം | ക്ലാസ് | നൽകിയ തുക | നൽകേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 1 | അശ്വിൻ | മാനസിക വൈകല്യം | - | 10000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000 |
| 2 | ലിജുകുമാര | മാനസിക വൈകല്യം | - | 10000+യാത്രാ ചെലവ്+മറ്റ് | 12000+യാത്രാ ചെലവ്+മറ്റ് | 2000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ബത്തകൾ | ബത്തകൾ | |
| 3 | സുധീഷ് | മാനസിക വൈകല്യം | - | 10000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 12000+യാത്രാ ചെലവ്+മറ്റ് ബത്തകൾ | 2000 |
| 4 | ദിലീപ് | ഓർത്തോ | ബിരുദം | 11500 | 13500+മറ്റ് ബത്തകൾ | 2000+മറ്റ് ബത്തകൾ |

10 മാസത്തെ ആനുകൂല്യമാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായി കൊടുത്തിരിക്കുന്നത്. ജി.ഒ(എം എസ് )4/2016 ത.സ്വ.ഭ.വ, തിയതി 11/1/2016 മാർഗ്ഗരേഖയനുസരിച്ച് (സബ്സിഡി നിർദ്ദേശം-ഖണ്ഡിക 5-8 കുറിപ്പ്) പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. വർഷാരംഭത്തിൽ തന്നെ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുകയും പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ ആവശ്യമായ ഫണ്ട് വകയിരുത്തുകയും വിതരണം ചെയ്യേണ്ടതുമാണ്.

## 3-12 എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്- അർഹതപ്പെട്ടവർക്ക് ആനുകൂല്യം കുറവായി നൽകിയിരിക്കുന്നു.

പ്രൊജക്റ്റ് നം S0-159/2017

അടങ്കൽ-24000

ചെലവ്-22000

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നം8/2016-17, തിയതി- 31/3/2017- പിൻവലിച്ച തുക- 22000/-

എച്ച്.ഐ.വി ബാധിതരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിന് നിശ്ചിത നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.എന്നാൽ അത് പ്രകാരമല്ലാതെ അർഹതപ്പെട്ടവർക്ക് സ്കോളർഷിപ്പ് കുറവായി നൽകിയിരിക്കുന്നു. ഉദാ 2016-17ൽ ധനസഹായം നൽകിയ ഏതാനും വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ കുറവായി നൽകിയതിന്റെ പട്ടിക കാണുക.

| ക്രമ നം | ക്ലാസ് | നൽകിയ തുക | നൽകേണ്ടത് + മറ്റു ബത്തകൾ | കുറവ് |
|---|---|---|---|---|
| 1 | +1 | 4000 | 4800 + മറ്റു ബത്തകൾ | 800 + മറ്റു ബത്തകൾ |
| 2 | V | 3000 | 3600 + | 600 + |

| | | | | |
|---|---|---|---|---|
| | | | മറ്റു ബത്തകൾ | മറ്റു ബത്തകൾ |
| 3 | v1 | 3000 | 3600 + മറ്റു ബത്തകൾ | 600 + മറ്റു ബത്തകൾ |
| 4 | x | 4000/- | 4800 + മറ്റു ബത്തകൾ | 800 + മറ്റു ബത്തകൾ |
| 5 | x | 4000/- | 4800 + മറ്റു ബത്തകൾ | 800 + മറ്റു ബത്തകൾ |

10 മാസത്തെ ആനുകൂല്യമാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായി കൊടുത്തിരിക്കുന്നത്. സ.ഉ(സാധാ) നം.653/2013/ത.സ്വ.ഭ.വ, തിയതി 15/03/2013 മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്. തുടർ വർഷങ്ങളിൽ അർഹതപ്പെട്ട ആനുകൂല്യം വകയിരുത്തേണ്ടതും ഖണ്ഡികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഗുണഭോക്തക്കൾക്ക് നൽക്കേണ്ടതുമാണ്.

# 3-13 ആശ്രയ ഗുണഭോക്താക്കളെ പാടെ അവഗണിച്ചു

1. ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനം മുൻനിർത്തികൊണ്ടുള്ള യാതൊരു പ്രവർത്തനവും കഴിഞ്ഞ 5 വർഷമായിട്ടും നടന്നിട്ടില്ല. 13/1/2011 ൽ ലഭിച്ച ചാലഞ്ച് ഫണ്ട് തുകയായ 15,00,000/- രൂപയിലെ 10875 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (2011 ഓഗസ്റ്റിൽ). 2017 ജനവരിയിൽ മാത്രമാണ് പിന്നീട് ഈ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുള്ളത്. പ്രതേക പരിഗണന അർഹിക്കുന്ന ഗുണഭോക്താക്കൾ ഉണ്ടായിരിക്കെ അടിയന്തിര പ്രാധാന്യമുള്ള മരുന്ന്, ഭക്ഷണം എന്നിവയ്ക്ക് വേണ്ടി ഈ ഫണ്ടിൽ നിന്നും ഏഴ് വർഷത്തോളം തുക ചെലവഴിച്ചിട്ടില്ല.

2. ഇവർക്കുള്ള സമഗ്ര വികസനം ലക്ഷ്യമാക്കി (GO.MS)362/2013/ത.സ്വ.ഭ.വ 16.11.13 ഉത്തരവ് പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആശ്വാസം നൽകൽ, ആരോഗ്യ സുരക്ഷ, കുടിവെള്ളം, പാർപ്പിടം പട്ടികജാതി -പട്ടികവർഗ്ഗക്കാരുടെ ക്ഷേമം, ശുചിത്വ കക്കൂസ് തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ അഞ്ച് വർഷത്തോളം പദ്ധതി ആവിഷ്കരിക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല.

3. ആശ്രയ 2ാം ഘട്ടം ഗുണഭോക്താക്കളുടെ ലിസ്റ്റ് 25/7/2017 നാണ് ഭരണ സമിതി അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ തൻ വർഷത്തിൽ കാര്യമായ പദ്ധതി പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

നിർബന്ധിത പദ്ധതിക്കളിലൊന്നായ ആശ്രയ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2016-17-വർഷത്തിൽ വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തിൽനിന്നും ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ,പാലക്കാട് നൽകിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം/പേര് | തുക | കൈമാറിയ വിവരം |
|---|---|---|
| 74/17 പി.എം.എ.വൈ (scp) | ബിൽ നം-27/17, 18-03-17 280000/- | ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ, പാലക്കാട് |
| 63/17 ഐ.എ.വൈ (gen) | ബിൽ നം-16/17, 31 -01-17 240000/- | " " |
| 166/17 ഐ.എ.വൈ (scp) അധിക വിഹിതം | ബിൽ നം-17/17, 31 -01-17 950000 | " " |
| 166/17 ഐ.എ.വൈ (scp) അധിക വിഹിതം | ബിൽ നം-23/17, 31 -01-17 400000 | " " |

വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഭവന നിർമ്മാണം, വിട് റിപ്പയർ പൂർത്തീകരിച്ചിട്ടില്ല.

എ) പ്രൊജക്റ്റ് നം-SO-25/17, അടങ്കൽ-1020000, ചെലവ്-890000.
താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | പേര്/വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പ്രീതി വാർഡ്-8 | 190000/- | 10000/- |
| 2 | കുഞ്ഞുലക്ഷ്മി വാർഡ്-8 | 180000/- | 20000/- |

| | | | |
|---|---|---|---|
| 3 | ശാന്ത<br>വാർഡ്-8 | 180000/- | 20000/- |
| 4 | വള്ളി കുട്ടി<br>വാർഡ്-8 | 160000/- | 40000/- |
| 5 | സുമ<br>വാർഡ്-2 | 180000/- | 20000/- |
| 6 | തങ്കമ്മ<br>വാർഡ്-20 | 180000/- | 20000/- |

ബ) വീട് റിപ്പയർ (വനിത)-പണി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ്- SO-64/17,അടങ്കൽ-760000, ചെലവ്-470000

| ക്രമ നം | പേര്/വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | അമ്മുക്കുട്ടി<br>ഓടന്നൂർ | 10000/- | 10000/- |
| 2 | തത്ത<br>പറളി | 10000/- | 10000/- |
| 3 | തങ്ക<br>പറയൻതൊടി | 10000/- | 10000/- |
| 4 | ഇന്തിര ദേവി<br>പുത്തൻ തൊടി | 10000/- | 10000/- |
| 5 | കമലാക്ഷി | 10000/- | 10000/- |

സി) വീട് റിപ്പയർ (ജനറൽ )-പണി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്റ്റ്- SO-66/17, അടങ്കൽ-460000, ചെലവ്-360000

| ക്രമ നം | പേര്/വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പങ്കജം,<br>വാർഡ്-8 | 10000 | 10000 |
| 2 | മോഹനൻ,<br>വാർഡ്-15 | 10000 | 10000 |
| 3 | ജാനകി,<br>വാർഡ്-3 | 10000 | 10000 |
| 4 | ചാമി,<br>വാർഡ്-14 | 10000 | 10000 |

| | | | |
|---|---|---|---|
| 5 | ഷീല,<br>വാർഡ്-16 | 10000 | 10000 |

ഭവന നിർമ്മാണത്തിന് വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിച്ച് നിർമ്മാണം വേഗത്തിൽ പൂർത്തീയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വീട് റിപ്പയർ പ്രവൃത്തി നടപ്പിലാക്കി

പദ്ധതി ഇനം-64/17 (വീട് നവീകരണം -വനിതഘടക പദ്ധതി)
നിർവ്വഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2016-17 വർഷത്തിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് റിപ്പയർ പ്രവർത്തികൾക്കായി പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിരിക്കുന്നു. പദ്ധതി മാർഗരേഖ സ.ഉ(എം. എസ്)നം.4/2016 /ത.സ്വ.ഭ.വ തീയതി 11-1-16 പ്രകാരം വനിതാ ഘടകപദ്ധതിയിൽ സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് ഫണ്ട് വകയിരുത്തേണ്ടതാണെന്നും സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം പോലെയുള്ളതും സമാന സ്വഭാവമുള്ളവയുമായ പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. തുടർന്നുള്ള പദ്ധതി പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-17 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

- നിർവഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)
- പ്രോജക്ട് നം.- 87/17 ഗവ: ഹോമിയോ ഡിസ്പെൻസറി കിണാവല്ലൂർ-ന് മരുന്ന് വാങ്ങൽ
- പ്രോജക്ട് നം.- 88/17 ഗവ: ഹോമിയോ സബ്സെൻറർ-പറളിക്ക് മരുന്ന് വാങ്ങൽ

മേൽ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 1,50,000/- രൂപ വീതം ഹോംകോ,ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്.(ബിൽ നം.1/16-17,2/16-17) എന്നാൽ മേൽ സ്ഥാപനത്തിൽ നിന്നും നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. രോഗികൾക്ക് പ്രയോജനപ്പെടും വിധം യഥാസമയം മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | ലഭിച്ച തുക | പദ്ധതി നം., പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 734491 | 89/17നെൽകൃഷിക്കുള്ള കൂലിച്ചെലവ് | 1468982 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 734491 | | | |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 85/17ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക സ്കോളർഷിപ്പ്. | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 61/17ക്ഷിര സംഘങ്ങൾ വഴി പാലിന് സബ്സിഡി നൽകൽ | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 185/17 സ്ട്രീറ്റ് ലൈറ്റ് മീറ്ററിംങ് | 2183600 | 2183600 | പൂർത്തീകരിച്ചിട്ടില്ല. |
| ടി | 91/17എസ്.സി. കോളനികളിലെ തടസ്സം സൃഷ്ടിക്കുന്ന പോസ്റ്ററുകൾ മാറ്റി സ്ഥാപിക്കൽ | 356155 | 356155 | ടി |
| | 79/17സ്കൂൾ | 150000 | 150000 | ടി |

| | | | | |
|---|---|---|---|---|
| | വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ - ഷീപീഡ് | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്-

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ 39790/-രൂപ വരവുണ്ട്. വിശദാംശം താഴെ പറയുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീതി നം., തീയ്യതി | റിമാർക്സ് |
|---|---|---|---|---|---|
| 2015-16 | 2-1 | 14895 | സെക്രട്ടറി കോ-ഓപ്പറേറ്റീവ് ബാങ്ക് | 11610104664<br>തിയതി.1.11.16 | - |
| | 2-1(ബി) | 14895 | ടി | 11610104665<br>തിയതി.1.11.16 | - |
| | 2-4 | 2500 | മാവേലി സ്റ്റോർ | 11610105913<br>തിയതി.26.12.16 | |
| | ടി | 1250 | ജില്ല സഹ.ബാങ്ക് | 11610400005<br>തിയതി.03.03.17 | |
| | ടി | 3750 | കെ.എസ്.ഇ.ബി | 11610500024<br>തിയതി.5.01.17 | |
| | ടി | 2500 | ചോയ്സ് | 11610105800<br>തിയതി.20.12.16 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ

## തീർപ്പാക്കാൻ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 2.3 | 2009-10 | 2.3 | ഗ്രാമസഭ-ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല. | നിലനിൽക്കുന്നു |
| 2012-13 to 2014-15 | 3-15 | 2015-16 | | മരാമത്ത് പ്രവർത്തിയുടെ ബില്ലുകൾ-ധനാപഹരണം | . |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101618552 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113133628 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 489061 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 214609 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 238850 | ഹെഡ് മാസ്റ്റർ |
| 3-2 | | 200000 | ഹെഡ് മാസ്റ്റർ |
| 3-3 | | 31500 | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | | 18711(പിഴ) | തുളസി.കെ. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 199980 | തുളസി.കെ.<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-10 | 14629 | ശ്രീമതി.ബിന്ദു,<br>ഡയറി ഫാം ഇൻസ്ടകറ്റർ |
| ആകെ | 214609 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കുമാർ.പി.കെ<br>ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ<br>ജി.യു.പി.സ്കൂൾ<br>കല്ലേമൂച്ചിക്കാട് | കൃഷ്ണകൃപ,<br>പാലശ്ശേരി,പറളി<br>പാലക്കാട്-678612 |
| ശ്രീമതി.ഉഷ.എസ്.<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ,പറളി | മംഗലത്ത് വീട്,<br>മഹാത്മാഗാന്ധി<br>കോളനി,<br>പിരായിരി,<br>പാലക്കാട്-678004 |

# 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP7/1106/12dt 12.12.2002 | ശുദ്ധിപത്രം |
| 1997-98 | LFP7/1307/01 dt 01/102002 | പുനരഭിപ്രായം |

| | | |
|---|---|---|
| 1998-99 | LFP12/1110/03 dt 04.11.03 | ഡി.ഡി.പി-യ്ക്കുള്ള കത്ത് |
| 1999-00 | LFP12/392/08 dt 08.05.08 | ഡയറക്ടർ-യ്ക്കുള്ള കത്ത് |
| 2000-01 | LFP17/135/09 dt 18.03.11 | തുടർ നടപടികൾ |
| 2001-02 | LFP12/1631/07 dt 08.04.08 | പുനരഭിപ്രായം |
| 2002-03 | LFP12/558/06 dt 24.07.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2003-04 | LFP17/363/10(1)dt 06.10.10 | പുനരഭിപ്രായം |
| 2004-05 | LFP17/363/10(2)dt 06.10.10 | പുനരഭിപ്രായം |
| 2005-06 | LFP17/363/10(3)dt 06.10.10 | പുനരഭിപ്രായം |
| 2006-07 | LFP17/363/10(4)dt 06.10.10 | പുനരഭിപ്രായം |
| 2007-08 | LFP17/1032/11 dt 14.06.12 | പുനരഭിപ്രായം |
| 2008-09 | LFP17/1033/11 dt 04.06.12 | പുനരഭിപ്രായം |
| 2009-10 | LFP17/1933/11 dt 03.01.12 | പുനരഭിപ്രായം |
| 2010-11 | LFP17/2021/13 dt 10.01.14 | പുനരഭിപ്രായം |
| 2011-12 | LFP17/914/14 dt 07.06.14 | പുനരഭിപ്രായം |
| 2012-13 to 2014-15 | KSA.PKD.12/1115/15 dt 01.12.15 | പുനരഭിപ്രായം |
| 2015-16 | KSA PKD 17/2016 Dt.31.12.16 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.കെ.ഡി.17-1798-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി -19-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറളി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD-17-1798/17

Kerala State Audit Department

District Audit Office, Palakkad

Dated –19-10-2017

## Audit Certificate

Certified that I have audited the Annual Financial Statement of Parali Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parali Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflect actual value of assets.

Deputy Director